**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 606** **23-02-2022 - ൽ മറുപടിയ്ക്ക്**

**ആഭ്യന്തര കയർ ഉത്പാദനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ കയർ വ്യവസായത്തിന് ആവശ്യമായ ചകിരി സംസ്ഥാനത്ത് തന്നെ ഉല്പാദിപ്പിക്കുന്നുണ്ടോ; | (എ) | ഇല്ല. കേരളത്തിലെ കയർ വ്യവസായത്തിന് ആവശ്യമായ ചകിരിയുടെ 48 ശതമാനം മാത്രമാണ് കേരളത്തിലെ ഡി.എഫ് മില്ലുകളിൽ ഉല്പാദിപ്പിക്കുന്നത്. |
| (ബി) | ഇല്ലെങ്കിൽ ആവശ്യമായ ചകിരി എത്രയാണെന്നും അത് ഇവിടെ തന്നെ ഉല്പാദിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വിശദീകരിക്കാമോ? | (ബി) | 2021-22 സാമ്പത്തിക വർഷം 3 ലക്ഷം ക്വിന്റൽ കയർ ഉൽപ്പാദനമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിനായി 36000 ടൺ ചകിരി ആവശ്യമാണ്. രണ്ടാം കയർ പുനസംഘടനയുടെ ഭാഗമായി എണ്ണായിരം മുതൽ ഒരു ലക്ഷം തൊണ്ട് വരെ ചകിരിയാക്കാൻ കഴിയുന്ന 128 ഡി.എഫ് മില്ലുകൾ സ്ഥാപിക്കുക വഴി ചകിരി ഉൽപ്പാദന ശേഷി 29000 ടൺ ആയി ഉയർന്നിട്ടുണ്ട്. കൂടാതെ സ്വകാര്യ മേഖലയിലും ചകിരി ഉല്പാദനം നടക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ